OFFICIAL REPORT OF THE BUDGET SESSION, 1122

Wednesday, *the* *30th July 1947* / *14th Karkadagam 1122*

The Council met in the Council Hall, Ernakulam, at half-past eleven of the clock with the Hon'ble President (Mr. L. M. Pylee, M.A.,B.L.), in the Chair.

Messrs. M. O. Thomakutty, K. Kochukuttan, Parambi Lonappen, A. Eachara Menon, S. P. Luiz, M. Sivarama Menon, Rao Bahadur T. S. Narayana Ayyar and Mrs. Dakshayani Velayudhan were absent.

QUESTIONS AND ANSWERS

ENGINEERING AND MEDICAL COLLEGES—SEATS—RESERVATION OF

26. മിസ്റ്റർ പി. വി. സെബാസ്റ്റ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവണ്മെന്റ് സദയം മറുപടി പറയുമോ.—

(എ) ൧൯൪൬-ൽ കൊച്ചി ഗവണ്മെന്റ് ഏതെല്ലാം ഇഞ്ചിനിയറിംഗ് മെഡിക്കൽ കോളേജുകളിലാണ് കൊച്ചിയിലെ വിദ്യാർത്ഥികൾക്കായി സീറ്റുകൾ റിസർവ്വ് ചെയ്തിരുന്നത്;

(ബി) ൧൯൪൬-ൽ ഏതെല്ലാം കോളേജുകളിലാണ് സീറ്റ് സംവരണം ലഭിച്ചത്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ)	എഞ്ചിനീയറിംഗ് കോളേജ്, ഗിണ്ടി (മദ്രാസ്)	൨
	,, അണ്ണാമല	൨
	,, തിരുവനന്തപുരം	൩
	,, ബെനാറസ്	൧
	മെഡിക്കൽ കോളേജ്, മദ്രാസ്	൨
	കാർമൈക്കൾ മെഡിക്കൽ കോളേജ്, കൽക്കത്ത	൨
(ബി)	ബിർളാ എഞ്ചിനീയറിംഗ് കോളേജ്, പിലാനി	൪

മിസിസ്സ് കെ. എം. ആർ. മേനോൻ: ഇതിൽ പെൺകുട്ടികളെ എത്രയാണ് കൊല്ലംതോറും അയക്കാവുള്ളത്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എൻജിനീയറിംഗ് കോളേജിലേക്ക് പെൺകുട്ടികൾ അപേക്ഷിച്ചതായിട്ട് ഓർക്കുന്നില്ല. മെഡിക്കൽ കോളേജിലേക്ക് രണ്ടു പെൺകുട്ടികളെ തിരഞ്ഞെടുത്തിട്ടുണ്ട്.

മിസിസ്സ് കെ. എം. ആർ. മേനോൻ: ആകെ രണ്ടു പെൺകുട്ടികളെ മാത്രമേ തിരഞ്ഞെടുത്തിട്ടുള്ളൂ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എൻജിനീയറിംഗ് കോളേജിലേക്ക് പെൺകുട്ടികൾ ആരുംതന്നെ അപേക്ഷിച്ചിട്ടുണ്ടായിരുന്നില്ല. മെഡിക്കൽ കോളേജിലേക്ക് രണ്ടാളെ തിരഞ്ഞെടുത്തിട്ടുണ്ട്.

മിസ്റ്റർ പി. വി. സെബാസ്റ്റ്യൻ: ഈ പെൺകുട്ടികളിൽ ആരെയാണ് തിരഞ്ഞെടുത്തിട്ടുള്ളത്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പെൺകുട്ടികളുടെ പേര് ശാരദാഭായിയെന്നും എം. സുഭദ്രയെന്നുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഈ സുഭദ്രയെന്ന പറയുന്ന പെൺകുട്ടി ഏതു സമുദായത്തിൽ പെട്ടതാണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അവർ നായർ സ്ത്രീയാണു്.

മിസിസ്സ് കെ. എം. ആർ. മേനോൻ: എൻജിനീയറിംഗ് കോളേജിലേക്കു് സ്ത്രീകൾ ആവശ്യപ്പെട്ടന്നില്ലെങ്കിൽ അതിനു പകരം അവരേക്കാൾ പെൺകുട്ടികൾക്കാവശ്യമായ കോഴ്സിനു് അയക്കുവാൻ സാധിക്കുകയില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇവിടെ നിന്നു് എൻജിനീയറിംഗ് കോളേജിലേക്കും മെഡിക്കൽ കോളേജിലേക്കും മാത്രമേ പുറത്തേക്കു് വിദ്യാർത്ഥികളെ അയക്കാറുള്ളു. അതിൽ മെഡിക്കൽ കോളേജിലേക്കു മാത്രമേ സ്ത്രീകൾ അപേക്ഷിച്ചിരുന്നുള്ളു. അതിൽ രണ്ടാളെ തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ടു്.

മിസിസ്സ് ടി. ഫ്രാൻസിസ്സ്: ഡൽഹി മെഡിക്കൽ കോളേജിലേക്കു് വിദ്യാർത്ഥികളെ പരിശീലനത്തിനു് പറഞ്ഞയക്കുവാൻ സീറ്റു റിസർവ്വ് ചെയ്യുന്നതിനുള്ള ഏർപ്പാടു ചെയ്തിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അപേക്ഷ അയച്ചിട്ടുണ്ടു്; അതിനെ സംബന്ധിച്ചു പൂർണ്ണമായ മറുപടിയൊന്നും ഇതുവരെ കിട്ടീട്ടില്ല.

മിസിസ്സ് ടി. ഫ്രാൻസിസ്സ്: ഈ അപേക്ഷ ഗവർമ്മെണ്ടു് ആവശ്യപ്പെട്ടതാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതെ.

മിസിസ്സ് ടി. ഫ്രാൻസിസ്സ്: വേറെ അപേക്ഷകൾ വന്നിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അപ്ലിക്കേഷൻ പല ദിക്കുകളിലേക്കും വേണമെന്നു പറഞ്ഞിട്ടു് വന്നിട്ടുണ്ടു്. നാലു സീറ്റു മാത്രമേ കിട്ടീട്ടുള്ളു; രണ്ടെണ്ണം കൽക്കട്ടയിലും രണ്ടെണ്ണം മദ്രാസ്സിലും. അതിൽ കൽക്കട്ട കോളേജിലേക്കു് പോകുവാൻ സ്ത്രീകൾ വിസമ്മതം പ്രകടിപ്പിച്ചു. പിന്നെ മദ്രാസ്സിൽമാത്രമേ രണ്ടു സീറ്റുകളുണ്ടായിരുന്നുള്ളു. അതിലേക്കു് രണ്ടിൽ കൂടുതൽ പറഞ്ഞയക്കുവാൻ നിവൃത്തിയില്ലാത്തതുകൊണ്ടു് പെൺകുട്ടികളിൽ രണ്ടാളെ അവിടേക്കു് തിരഞ്ഞെടുത്തു.

Mr. P. A. Muhammed Ashrof *(Cranganur)*: May I know Sir, whether the Government have requested the University authorities at Aligarh to reserve some seats for Cochinites in the Medical and Engineering branches of that University?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അലിഗറിലേക്കു് അപേക്ഷിച്ചിട്ടുണ്ടോ, ഇല്ലയോയെന്നു് പറയുവാൻ എനിക്കു് നോട്ടീസ്സ് വേണം.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഏതു നിലയിലാണു് ഇവരെ തിരഞ്ഞെടുത്തിട്ടുള്ളതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അവരുടെ മാർക്കുലിസ്റ്റും മറ്റും നോക്കിട്ടാണു് തിരഞ്ഞെടുത്തിട്ടുള്ളതു്.

മിസ്റ്റർ പി കുമാരനെഴത്തശ്ശൻ: ഈ ശാരദാഭായി ഏതു സ്കൂളിലാണു് പഠിച്ചിരുന്നതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടീസ്സുവേണം.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഇപ്രാവശ്യം തിരഞ്ഞെടുത്തിട്ടുള്ള കുട്ടികൾ, പഴയ രീതിയിൽ തിരഞ്ഞെടുക്കാറുള്ള മാതിരിതന്നെ, വലിയ സ്ഥിതിയിലുള്ള രക്ഷിതാക്കന്മാരുടെ കുട്ടികളല്ലെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു് ഒരു ആർബിറ്ററി ചോദ്യമാണു്. അതിനു മറുപടി പറയുവാൻ ബുദ്ധിമുട്ടുണ്ടു്. ഈ കൊല്ലത്തെ തിരഞ്ഞെടുപ്പിനെ സംബന്ധിച്ചു് പറയുകയാണെങ്കിൽ കുട്ടികളുടെ യോഗ്യതയും, കുട്ടികളുടെ സമുദായവും, കുട്ടികളുടെ മറ്റു പ്രാദേശിക ആവശ്യങ്ങളുമൊക്കെ ആലോചിച്ചു നോക്കി തിരഞ്ഞെടുത്തതാണു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഇപ്പോൾ പാസ്സായ ആളുകളെ തിരഞ്ഞെടുത്തതിൽ അവരുടെ പരീക്ഷാഫലം നോക്കീട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉവ്വു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: അവരുടെ പരീക്ഷയുടെ റിസ്സൽട്ടു് പുറത്താകുന്നതിനുമുമ്പല്ലെ തിരഞ്ഞെടുത്തതു്?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അല്ല; അവരുടെ റിസ്സൽട്ടൊക്കെ പുറത്തായതിന്റെ ശേഷമാണ് അവരെ തിരഞ്ഞെടുത്തിട്ടുള്ളത്.

മിസ്റ്റർ പി. കുമാരനെഴത്തഴ്ശൻ: അതു വളരെ ശരിയായിട്ടുള്ള ഒരു മറുപടിയാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: വളരെ ശരിയായിട്ടുള്ള മറുപടിയാണ്.

മിസ്റ്റർ പി. കുമാരനെഴത്തഴ്ശൻ: എൻജിനീയറിംഗ് കോളേജിലേക്കുള്ള കുട്ടികളെ തിരഞ്ഞെടുത്തതിന്റെശേഷമാണ്, പരീക്ഷാഫലം കടലാസ്സിൽ കണ്ടിട്ടുള്ളത്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അല്ല, അവരുടെ റിസ്സൽട്ട് വന്നിരുന്നു. അവർ ഈ കൊല്ലം പാസ്സായവരല്ല. (ചിരി)

മിസ്റ്റർ പി. കുമാരനെഴത്തഴ്ശൻ: ഈ കൊല്ലത്തിൽ പാസ്സായവരുടെ അപേക്ഷ വന്നിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പരീക്ഷ പാസ്സാകുന്നതിനുമുമ്പ് അപേക്ഷിച്ചിരുന്നു.

മിസ്റ്റർ പി. കുമാരനെഴത്തഴ്ശൻ: അപ്പോൾ പരീക്ഷയുടെ ഫലം അറിഞ്ഞിട്ടുണ്ടായിരുന്നില്ലല്ലൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: തിരഞ്ഞെടുപ്പുതീയ്യതിക്ക് തക്ക സമയത്തു് അപേക്ഷ കിട്ടിയിരിക്കണം.

മിസ്റ്റർ പി. കുമാരനെഴത്തഴ്ശൻ: റിസ്സൽട്ട പുറത്താകുന്നതിനുമുമ്പ് കോളേജിലേക്കുള്ള തിരഞ്ഞെടുപ്പു നടന്നിട്ടില്ലേയെന്നാണ് എന്റെ ചോദ്യം?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ബനാറിസ്സ് കോളേജിലേക്കുള്ള തിരഞ്ഞെടുപ്പ ഈ ഗവമ്മെണ്ടല്ലാ നടത്തീട്ടുള്ളതു്.

മിസ്റ്റർ പി. കുമാരനെഴത്തഴ്ശൻ: ഞാൻ ചോദിക്കുന്നതു് എൻജിനീയറിംഗ് കോളേജിലേക്കും, ഗിണ്ടികോളേജിലേക്കുമുള്ള തിരഞ്ഞെടുപ്പു നടത്തിയതു്, റിസ്സൽട്ട് പുറത്താകുന്നതിനു് രണ്ടുമൂന്നു ആഴ്ചകൊണ്ടു് മുമ്പല്ലെ എന്നാണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പരീക്ഷാഫലം പുറത്തു വന്നതിനുശേഷമാണ് തിരഞ്ഞെടുത്തിട്ടുള്ളതു്.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: ഈ മെഡിക്കൽ കോളേജിൽ പഠിക്കുന്നതിനു് കൂടി ഒന്നരക്ക ഗവമ്മെണ്ടിനു എത്ര ചിലവു വരും?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു ഓരോ കോളേജിലും ഓരോ വിധത്തിലാണ്.

മിസ്റ്റർ പി. കുമാരനെഴത്തഴ്ശൻ: ഈ തിരഞ്ഞെടുത്തിട്ടുള്ളവർ മുഴവനും Ist class-ൽ പാസ്സായിട്ടുള്ളവരാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അല്ല.

മിസ്റ്റർ പി. കുമാരനെഴത്തഴ്ശൻ: Ist class സ്റ്റുഡൻസ്സ് ഉണ്ടോ ഈ തിരഞ്ഞെടുത്തതിൽ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: യോഗ്യത കുറഞ്ഞവരേയോ, യോഗ്യതയെ അവഗണിച്ചോ ആരേയും തിരഞ്ഞെടുത്തിട്ടില്ല.

മിസ്റ്റർ പി. കുമാരനെഴത്തഴ്ശൻ: Ist class ആയിട്ട് പാസ്സായിട്ടുള്ള സ്റ്റുഡൻസിനെ തള്ളിക്കൊണ്ടു് നൂറു ശതമാനവും IInd class പാസ്സായിട്ടുള്ളവരെയെല്ല തിരഞ്ഞെടുത്തിട്ടുള്ളതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അല്ല.

മിസ്റ്റർ പി. കുമാരനെഴത്തഴ്ശൻ: Ist class ആയിട്ട് പാസ്സായിട്ടുള്ള സ്റ്റുഡൻസ്സിനെ തള്ളിയിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കമ്മ്യൂണൽ ക്ലെയിംസും മറ്റും നോക്കേണ്ടതുള്ളതുകൊണ്ടു് ഒരുപക്ഷെ അങ്ങിനെ ചെയ്യിട്ടുണ്ടാകാം.

മിസ്റ്റർ പി. കുമാരനെഴത്തഴ്ശൻ: ആരെയാണ് അങ്ങിനെയെടുത്തിട്ടുള്ളതു്?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ : മെഡിക്കൽ കോളേജിലേക്ക് തിരഞ്ഞെടുത്തിട്ടുള്ളതിൽ ഒരു ഹരിജൻ വിദ്യാർത്ഥിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സിറിയൻ ക്രസ്ത്യാനിൽനിന്നും, നായന്മാരിൽനിന്നും തിരഞ്ഞെടുത്തിട്ടുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: മെഡിക്കൽ വകുപ്പിൽ നായന്മാരും, സിറിയൻ ക്രസ്ത്യാനികളും ഡോക്ടർമാരായിട്ട് വളരെയുണ്ടെന്നു് ഗവമ്മെണ്ടിന്നറിയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടീസ്സുവേണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സാങ്കേതിക വിദ്യാഭ്യാസത്തിനു പോകുവാൻ പ്രാതിനിദ്ധ്യം കുറഞ്ഞ സമുദായത്തിൽനിന്നും തിരഞ്ഞെടുക്കാത്തതു എന്തുകൊണ്ടാണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അഞ്ചാറു് കൊല്ലങ്ങളായിട്ട് തിരഞ്ഞെടുത്തിട്ടുള്ള പട്ടികയൊക്കെ നോക്കി; അതിന്റെ ഏറക്കുറവുകളൊക്കെ നോക്കീട്ടാണു് ഇതു ചെയ്തിട്ടുള്ളതു്. ഒരു ഡിപ്രസ്സ്ഡ് ക്ലാസ്സ് വിദ്യാർത്ഥിയെ ആദ്യമായിട്ടാണു് ഇങ്ങിനെ തിരഞ്ഞെടുത്തിട്ടുള്ളതു്.

മിസ്റ്റർ കെ. കെ. കണ്ണൻ : എൻജിനീയറിംഗ് കോളേജിലേക്കു് അധഃകൃതവിദ്യാർത്ഥികളിൽ ആരെങ്കിലും അപേക്ഷിച്ചിരുന്നുവോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല.

മിസ്റ്റർ ജോസ്സ് കെ. വഗ്ഗീസ്സ്. മെഡിക്കൽ കോളേജിലേക്കു് സിറിയൻ ക്രസ്ത്യൻ വിദ്യാർത്ഥികളെ തിരഞ്ഞെടുത്തുവെന്നു് പറഞ്ഞതിൽ ആക്ഷേപം പറഞ്ഞുവല്ലൊ. മെഡിക്കൽ ഡിപ്പാർട്ട്മെണ്ടിൽ സിറിയൻ ക്രസ്ത്യൻ ഡോക്ടർമാരുള്ളവരെല്ലാം ഗവമ്മെണ്ടു സഹായത്തിന്മേൽ പഠിച്ചുവരാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എനിക്കു അതിന്നു് ഒരു സമാധാനം പറയുവാൻ നിവൃത്തിയില്ല. തിരഞ്ഞെടുത്തതിൽ ഒരു സിറിയൻ ക്രസ്ത്യനേയുംകൂടി വേണ്ടതാണെന്നു് തോന്നിയതുകൊണ്ടു് അങ്ങിനെ ചെയ്യുവെന്നേയുള്ളൂ.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : ബിർളാ കോളേജിലേക്കു് ഒരു പ്രിൻസ്സിനെ തിരഞ്ഞെടുത്തിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉവ്വു്; അദ്ദേഹം BSc. പാസ്സായിട്ടുള്ള ആളാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: മെഡിക്കൽ കോളേജിലേക്കുള്ള സ്ഥാനാർത്ഥികളെ തിരഞ്ഞെടുത്തു അയക്കുമ്പോൾ അവരുടെ ചിലവു മുഴുവനും ഗവമ്മെണ്ടു വഹിക്കാറുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : മറ്റുള്ള സമുദായങ്ങൾക്കില്ല; ഡിപ്രസ്സ്ഡ് ക്ലാസ്സിലുള്ളവക്കു് കൊടുക്കുന്നുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: ഈ ബനാറീസ്സ് കോളേജിലേക്കു് നമ്മുടെ ഗവമ്മെണ്ടു വല്ല കോൺട്രിബ്യൂഷനും കൊടുക്കുന്നുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : കൊല്ലംതോറും ഒരു തുക കൊടുക്കുന്നുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: എന്നിട്ടും തിരഞ്ഞെടുപ്പു അവർതന്നെയാണോ നടത്തുന്നതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ഇവിടെനിന്നു് തിരഞ്ഞെടുത്തു അയക്കുന്ന ആളുകൾ, അവരുടെ ദൃഷ്ടിയിൽ കുറെ പിന്നോക്കമായിരിക്കാവുള്ളതുകൊണ്ടു് മാർക്ക് ലീസ്സ് അവർക്കു് അയച്ചുകൊടുക്കുകയാണു് ചെയ്യുന്നതു്.

മിസ്റ്റർ പി. കെ. ഡീവർ: ഡൽഹി മെഡിക്കൽ കോളേജിലേക്കു് അയക്കുന്ന വിദ്യാർത്ഥിനികൾക്കു capitation fee ആവശ്യപ്പെട്ടതു കൊടുക്കുകയില്ലെന്നു് മേല്പറഞ്ഞ കാരണത്താൽ ഗവമ്മെണ്ടു തീരുമാനിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : അതിനെപ്പറ്റി പൂർണ്ണമായ തീരുമാനമായിട്ടില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: കൽക്കട്ട മെഡിക്കൽ കോളേജിലേക്കും മദ്രാസ്സ് മെഡിക്കൽ കോളേജിലേക്കും വിദ്യാർത്ഥികളെ തിരഞ്ഞെടുത്തു അയക്കുന്നതു് നമ്മുടെ ഗവമ്മെണ്ടല്ലെ? അതിനെക്കുറിച്ചു് അവർ വല്ല ആക്ഷേപവും പുറപ്പെടുവിക്കാറുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ഇല്ല. കൊച്ചിഗവമ്മെണ്ടും മദ്രാസ്സ് മെഡിക്കൽ കോളേജും കൽക്കട്ട മെഡിക്കൽ കോളേജുമായിട്ടുള്ള mutual understanding അങ്ങിനെയാണു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ സിറിയൻ ക്രസ്ത്യാനികളെ ക്കൂടതലായി തിരഞ്ഞെടുക്കുന്നതുകൊണ്ടല്ലെ ആ സമുദായത്തിൽനിന്നും ഇത്രയും അധികം ആളുകൾ മെഡിക്കൽ ഡിപ്പാർട്ട്മെണ്ടിൽ ഡോക്ടർമാരായി ഉണ്ടാകാനുള്ള കാരണം?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു് വളരെ പഴയ കഥയാണു്. അതു എനിക്കു ഓർമ്മയില്ല.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: B. C. & D. C. യിൽനിന്നു് തിരഞ്ഞെടുത്തിട്ടുള്ളവരെ ഏതേതു കോളേജിലേക്കാണു് തിരഞ്ഞെടുത്തിട്ടുള്ളതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഡിപ്രസ്സഡ് ക്ലാസ്സിൽനിന്നു് ഒരാളെ മെഡിക്കൽ കോളേജിലേക്കു് തിരഞ്ഞെടുത്തിട്ടുണ്ടു്. Backward കമ്മ്യൂണിറ്റിയിൽനിന്നു് രണ്ടാളെ എൻജിനീയറിംഗ് കോളേജിലേക്കും തിരഞ്ഞെടുത്തിട്ടുണ്ടു്.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: ഇതിൽ എൻജിനീയറിംഗ് കോളേജിലേക്കു് തിരഞ്ഞെടുത്തിട്ടുള്ളതു ആരെയാണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: (എ) പി. കെ. പ്രേമാനന്ദൻ, (ബി) കെ. എസ്സ്. ശങ്കർ. ഇവരിൽ ഒരാളെ ഗിണ്ടിയിലേക്കും ഒരാളെ അണ്ണാമലയിലേക്കുമാണു് അയച്ചിട്ടുള്ളതു്.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: ആകെ എത്ര ആളുകളെ തിരഞ്ഞെടുത്തതിൽ B. C. & D. C. യിൽനിന്നു് എത്ര ആളുകളെ തിരഞ്ഞെടുത്തിട്ടുണ്ടു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: മൂന്നാളെ തിരഞ്ഞെടുത്തിട്ടുണ്ടു്.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: മുസ്ലിം സമുദായത്തിൽനിന്നും ഒരുത്തരേയെങ്കിലും അപേക്ഷയുണ്ടായിരുന്നുവോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ഈ കോളേജുകളിലേക്കു് ആകെ എത്ര ആപ്ലിക്കേഷൻ ഉണ്ടായിരുന്നു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ബിർളയിലേക്കു ഫസ്റ്റ്, ബനാറീസ്സിലേക്കു രണ്ടു ഗിണ്ടി, അണ്ണാമല, തിരുവനന്തപുരം ഈ മൂന്നു ദിക്കുകളിലേക്കുംകൂടി നൂറു പേർ അപേക്ഷിച്ചിരുന്നു.

Dr. S. S. Rao *(Nominated):* In view of the rush for seats in many of the Universities, will the Government possibly arrange for more seats.?

Mr. P. Govinda Menon *(Minister for Food and Education):* Strenuous attempts have been made to get more seats reserved for Cochin Students in the Colleges outside Cochin; for example I had occasion to meet the authorities in Bombay, the authorities in Madras, the authorities in the United Province and the authorities in Delhi for this purpose. Even three or four days back I received a letter from the Secretary in charge of the University of the United Provinces saying that the matter is still under consideration, and from Delhi also we expect something.

Ms. P. K. Dewer *(Nominated):* Has not Delhi informed the Government that they are prepared to give admission to some students?

Mr. P. Govinda Menon *(Minister for Food and Education):* But it has not become final and I may also add that information was received from the United Provinces Government that two seats have been reserved for Engineering in Roorki, but that information did not reach us in time to enble us to select the stdudents and send there.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: ഈ കാർമൈക്കൾ കോളേജിലേക്കു് പോകുവാൻ ആരുക്കുമില്ലെന്നു പറഞ്ഞതു് അവർക്കു ധനസംബന്ധമായ വല്ല ബുദ്ധിമുട്ടുംകൊണ്ടാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതുമാത്രമല്ല; കൽക്കട്ടയിലെ ഇപ്പോഴത്തെ അന്തരീക്ഷം വളരെ വിഷമമുള്ള ഒന്നായതുകൊണ്ടു് അവരെ അങ്ങോട്ടയക്കുന്നതു് ശരിയല്ലെന്നു ഗവർമ്മെണ്ടിനു തോന്നി.

Mr. P. A. Muhammed Ashrof *(Cranganur):* May I know Sir, whether the Gopernment have offered any contribution to the Aligarh University when they applied for reservation of seats for Cochinites.

Mr. P. Govinda Menon *(Minister for Food and Education):* I may inform that Rs. 10,000 was offered, but still no reservation was got.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. A. Muhamed Ashrof *(Crangannur)*: For how many seats, Sir?

Mr. P. Govinda Menon *(Minister for Food and Education)*: We offered a lump sum of Rs. 10,000 to the University and requested that some seats may be reserved, but there was no favourable response.

മിസ്സിസ് കെ. എം. ആർ. മേനോൻ: ഇനി പുതിയ അഡ്മിഷൻ ഉണ്ടെങ്കിൽ അതിൽ സ്ത്രീകളെതന്നെ അയക്കുവാൻ തീച്ചയാക്കാമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു തികച്ചുപറയുവാൻ നിവൃത്തിയില്ല. കഴിയുന്നതും സ്ത്രീകളുടെ അവകാശത്തെ അവഗണിക്കാതെ കൊടുക്കാം. അതുകൊണ്ടാണ് നാലു സീറ്റുമാത്രം ഉണ്ടായിരുന്നതിൽ 50 ശതമാനം കണക്കാക്കി സ്ത്രീകൾക്കുവേണ്ടി നീക്കിവെച്ചതു്.

മിസിസ്സ് കെ. എം. ആർ. മേനോൻ: അതുകൊണ്ട് 4 കുട്ടികളുള്ളതിൽ രണ്ടു സ്ത്രീകളെ മാത്രമല്ലേ അയച്ചിട്ടുള്ളു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നാലുപേരുള്ളതിൽ രണ്ടു സ്ത്രീകളെ അയച്ചുവെന്നു പറയണം.

മിസിസ്സ് കെ. എം. ആർ. മേനോൻ: എൻജിനീയറിംഗ് സബ്ജക്ടിനു് സ്ത്രീകൾക്കു പോകുവാൻ ഇഷ്ടമില്ലെങ്കിൽ അവരെ വേറെ സ്റ്റഡിക്കു് അയച്ചുകൂടെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എൻജിനീയറിംഗും നേഴ്സിംഗും കൂടി താരതമ്യപ്പെടുത്തി നോക്കുമ്പോൾ നേഴ്സിംഗിനു് കൂടുതലും സ്ത്രീകളാണു്. അങ്ങിനെ നോക്കുമ്പോൾ ഈ കാര്യത്തിൽ പ്രാതിനിദ്ധ്യം കുറവില്ല.

മിസ്റ്റർ പി. കുമാരനെഴുത്തഛൻ: മെഡിക്കൽ സർവ്വീസിൽ ലേഡി ഡോക്ടർമാർ വളരെ കുറവാണെന്നുള്ളതു് ഗവണ്മെണ്ടിന്നറിയാമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അറിയാം. അതുകൊണ്ടാണു് രണ്ടു സ്ത്രീകളെ എടുത്തതു്. ആകെ നാലു സീറ്റുണ്ടായിരുന്നതിൽ രണ്ടിൽക്കൂടുതൽ കൊടുക്കുവാൻ നിവൃത്തിയുണ്ടായിരുന്നില്ല.

Mr. Paramel Ipe Ipe *(Kunnamkulam)*: On a point of order Sir. More than one-third of the question time has alredy been taken for one single question. Though there there is no specific provision under the rules & standing orders of the Council, I would invite the Hon'ble President's attention to invoke his inherent authority to restrict the time taken for supplementary on this question.

Mr. President: I leave it to the sense of the Hon'ble members for the time being.

മിസ്റ്റർ പി. കുമാരനെഴുത്തഛൻ: സർ, ലേഡി ഡോക്ടർമാർ കൊച്ചിൻ മെഡിക്കൽ സർവ്വീസിൽ ആവശ്യമുള്ളേടത്തോളം ഇല്ലാത്തതുകൊണ്ടു്, അതു നികത്തുന്നതുവരെ റിസർവ്വ് ചെയ്തുവെച്ചിട്ടുള്ള സീറ്റുകളും മുഴുവനും സ്ത്രീകൾക്കുമാത്രമായി നീക്കിവെക്കുവാൻ സമ്മതമുണ്ടാകുമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, ഗവണ്മെണ്ടിന്റെ നിലയും അതുതന്നെയാണു്. കൊച്ചി ഗവണ്മെണ്ടിനു് കൂടുതൽ വനിതാഡോക്ടർമാർ വേണമെന്നു് ബോദ്ധ്യംവന്നിട്ടുണ്ടു്. അതുകൊണ്ടാണു് കൊടുക്കുവാൻ കഴിയുന്നിടത്തോളം സീറ്റുകൾ കൊടുത്തിട്ടുള്ളതു്.

മിസ്റ്റർ പി. കുമാരനെഴുത്തഛൻ: മെഡിക്കൽ കോളേജിലേക്കുള്ള തിരഞ്ഞെടുപ്പു് മേലാൽ വരുമ്പോൾ റിസർവ്വ് ചെയ്തിട്ടുള്ള സീറ്റുകളും മുഴുവനും, ലേഡിഡോക്ടർമാരുടെ കുറവിനെ പരിഹരിക്കുന്നതുവരെ, അവക്കുവേണ്ടി കൊടുക്കുവാൻ ദയവുണ്ടാകുമോ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ. ഈ കാര്യംകൂടി ആലോചിച്ചു് ഇനി ചെയ്യുകയുള്ളുവെന്നു പറയാമെന്നല്ലാതെ unequivocal ആയിട്ടു് ഒരു മറുപടി ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

PERMITS TO OPERATORS OF PASSENGER BUSES—GRANTING OF

27. Mr. M. K. Raja *(Mulakunnathukavu)*: Will Government be pleased to state.—

(a) whether they have passed any orders recently for the guidance of the Traffic Board about the granting of new permits to operators of passenger buses;

(b) what is the purport and contents of this order?

LIBRARY ARCHIVES Kerala Legislative Assembly